(ഡി) ഉണ്ടെങ്കിൽ അതിനുള്ള കാരണം വെളിപ്പെടുത്തുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ&ബി) ഉണ്ട്. നെൽകൃഷിക്ക് പരിധിയില്ലാതെയും ഇതര കൃഷികൾക്ക് 2 ഹെക്ടർ പരിധിവെച്ചും കാർഷിക ആവശ്യത്തിനുള്ള വൈദ്യുതി ചാർജ്ജ് സൗജന്യമായി സർക്കാർ നൽകുന്നുണ്ട്.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല. (സി. യുടെ മറുപടിയുടെ അടിസ്ഥാനത്തിൽ)

കെട്ടിട നികുതി ശാസ്ത്രീയമായി പരിഷ്ക്കരിക്കാൻ നടപടി

6 (*214) ശ്രീ.പി. ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീമതി എൻ. കെ. രാധ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കെട്ടിട നികുതി ഏറ്റവും അവസാനമായി പുതുക്കി നിശ്ചയിച്ചത് എന്ന് ;

(ബി) സംസ്ഥാനത്ത് നിലവിലുള്ള കെട്ടിട നികുതി നിർണ്ണയ സമ്പ്രദായം അശാസ്ത്രീയമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ കെട്ടിട നികുതി നിർണ്ണയ സമ്പ്രദായം കാലോചിതമായി പരിഷ്ക്കരിക്കാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചുവോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) കെട്ടിട നികുതി കാലാകാലങ്ങളിൽ വർദ്ധിപ്പിക്കുന്നതിനു പകരം നികുതി ചോർച്ച തടയുകയാണ് വേണ്ടതെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(ഇ) എങ്കിൽ ശാസ്ത്രീയമായ ഒരു നികുതി നിർണ്ണയ ക്രമം നടപ്പിലാക്കിയാൽ കെട്ടിട നികുതി വഴിയുള്ള വരുമാനം വർദ്ധിപ്പിക്കാൻ കഴിയുമെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(എഫ്) സംസ്ഥാനത്തെ കെട്ടിട നികുതി നിർണ്ണയം ശാസ്ത്രീയ അടിസ്ഥാനത്തിലാക്കാൻ നടപടി സ്വീകരിക്കുമോ ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) :

(എ) 1994 - കേരള മുനിസിപ്പാലിറ്റി ആക്ടും 1999-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്ടും അനുസരിച്ച് ഇതുവരെ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ മുൻകാലങ്ങളിൽ വസ്തുനികുതി പിരിച്ചെടുത്ത അതേ തോതിൽ പിരിക്കുവാൻ നഗരസഭകൾക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്. മുമ്പ് നിലവിലിരുന്ന നിയമമനുസരിച്ച് ഓരോ നഗരസഭയും കൗൺസിൽ തീരുമാനപ്രകാരം അഞ്ചു വർഷത്തിലൊരിക്കലാണ് വസ്തു നികുതി പുനർ നിർണ്ണയം ചെയ്തിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിലുള്ള കെട്ടിട നികുതി നിർണ്ണയ സമ്പ്രദായത്തിൽ ചില ന്യൂനതകൾ ഉള്ളതായി കരുതുന്നു.

(സി) കെട്ടിട നികുതി നിർണ്ണയം കാലോചിതമായി പരിഷ്ക്കരിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി ചില സാമ്പിൾ പഠനങ്ങൾ നടത്തിയിട്ടുണ്ട്. മുനിസിപ്പൽ ഭരണ ഡയറക്ടർ, ചീഫ് ടൗൺ പ്ലാനർ എന്നിവരുമായി കൂടുതൽ ചർച്ചകൾ നടത്തി ഒരു പുതിയ നികുതി പരിഷ്ക്കരണ സമ്പ്രദായം കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നു.

(ഡി) കാലാകാലങ്ങളിൽ ജനോപകാരപ്രദമായ സംഗതി നടത്തേണ്ടി വരുമ്പോൾ നഗരസഭയ്ക്ക് ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമായി നികുതി വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്.

(ഇ) പുതിയ നികുതി പരിഷ്ക്കരണ സമ്പ്രദായം നിലവിൽ വരുമ്പോൾ നികുതി നിർണ്ണയത്തെപ്പറ്റിയുള്ള പരാതികൾക്ക് അറുതി വരുമെന്നും അതോടൊപ്പം വരുമാനം വർദ്ധിക്കുമെന്നും കരുതുന്നു.

(എഫ്) നടപടി സ്വീകരിച്ചു വരുന്നു.

വില്പനനികുതി (വെട്ടിപ്പ് തടയുന്നതിന് നടപടി)

7 (*215) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. എം. ദാസൻ :
ശ്രീ. സി. പി. ബാലൻ വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വില്പന നികുതി വെട്ടിപ്പ് തടയുന്നതിനും നികുതി യഥാസമയം പിരിച്ചെടുക്കുന്നതിനുമുള്ള സംവിധാനങ്ങൾ കാര്യക്ഷമമാക്കാൻ സർക്കാർ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ;

(ബി) വില്പന നികുതി കാര്യക്ഷമമായി പിരിച്ചെടുക്കുന്നതിൽ സംസ്ഥാന സർക്കാർ എത്രത്തോളം വിജയിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) വില്പന നികുതി പിരിവിൽ കഴിഞ്ഞ അഞ്ചുവർഷക്കാലയളവിനിടയിൽ കുറവ് വന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ഡി) വില്പന നികുതി ഊർജ്ജിതമായി പിരിച്ചെടുക്കുന്നതിന് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ;

(ഇ) വില്പന നികുതി പിരിവിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് പ്രോൽസാഹനവും സംരക്ഷണവും നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ; വിശദാംശം വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly